# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 ഏപ്രിൽ 3, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| |
|---|
| മറുപടി നൽകുന്ന മന്ത്രിമാർ |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |

## നഗരവികസനത്തിനായി നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കാൻ നടപടി

*271 ശ്രീ. ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരവികസനത്തിനായി പണം കണ്ടെത്താൻ നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം തരം പദ്ധതികളാണ് നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത നിക്ഷേപക സംഗമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) നിക്ഷേപക സംഗമത്തിലൂടെ തീരുമാനിക്കപ്പെടുന്ന പദ്ധതികൾ നടപ്പാക്കാൻ ഏതെല്ലാം ഏജൻസികളുടെ സഹകരണം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കേന്ദ്രസർക്കാർ നാളികേരത്തിന് പ്രഖ്യാപിച്ച താങ്ങുവില</u>

*272 ശ്രീ. റ്റി. വി. രാജേഷ്
,, എളമരം കരീം
,, കെ. വി. വിജയദാസ്
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൽപ്പാദനചെലവിലെ വർദ്ധനവും രാജ്യത്തെ പണപ്പെരുപ്പവും കണക്കിലെടുക്കുമ്പോൾ കേന്ദ്ര സർക്കാർ നാളികേരത്തിന് പ്രഖ്യാപിച്ച താങ്ങുവില എത്രത്തോളം പര്യാപ്തമാണ്;

(ബി) താങ്ങുവില പുനഃപരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് പ്രതികരണം എന്തായിരുന്നു ; വിശദാംശം ലഭ്യമാക്കാമോ ;

(സി) നാഫെഡിന് ഉണ്ടാകുന്ന നഷ്ടത്തിന്റെ 15% വരെ മാത്രമേ സഹായമായി നൽകുകയുള്ളുവെന്ന കേന്ദ്ര സർക്കാരിന്റെ തീരുമാനംമൂലം നാഫെഡ് സംഭരണത്തിൽ നിന്നും പിൻവാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ വിഷയത്തിൽ എന്ത് ഇടപെടലാണ് സർക്കാർ നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ആശ്രയ 2-ാം ഘട്ട പദ്ധതി</u>

*273 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രയ 2-ാം ഘട്ട പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) 1-ാം ഘട്ട പദ്ധതിയിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് ഇതിൽ വരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം പ്രാരംഭനടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>നിറവ് പദ്ധതി</u>

*274 ശ്രീ.സി.കെ.നാണു
ശ്രീമതി ജമീലാ പ്രകാശം
,, മാത്യു.റ്റി.തോമസ്
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനത്തിന് വേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) 'നിറവ്' പദ്ധതിക്കുവേണ്ടി നിയോജകമണ്ഡലങ്ങളെ തെരഞ്ഞെടുത്തത് എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്;

(ഡി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പരിപാടികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്;

(എഫ്) ഏത് ഏജൻസി മുഖാന്തിരമാണ് ആ പദ്ധതി നടപ്പിലാക്കിയത്; നാളിതുവരെ അവയ്ക്കുവേണ്ടി എന്തു തുക ചെലവഴിച്ചു?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കുട്ടനാട് മേഖലയിലെ കൊയ്ത്ത് യന്ത്രങ്ങൾ</u>

*275 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ. എം. ആരിഫ്
,, ആർ. രാജേഷ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മേഖലയിൽ കൊയ്ത്ത് യന്ത്രങ്ങൾ ലഭ്യമാക്കുന്നതിൽ കൃഷിവകുപ്പിന്റെയും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെയും പങ്കിനെ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ഇത്തവണത്തെ കൊയ്ത്തുകാലത്ത് ആവശ്യത്തിന് കൊയ്ത്ത് യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിൽ വകുപ്പിനും കോർപ്പറേഷനും വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) കൊയ്ത്ത്യന്ത്രം ലഭ്യമാക്കുന്നതിൽ നിന്നും സ്വകാര്യ ഏജന്റുമാരെ ഒഴിവാക്കി സർക്കാർ തന്നെ നേരിട്ട് യന്ത്രം എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>കുരുമുളകിന്റെ വിലയിടിവിനുള്ള കാരണങ്ങൾ</u>

*276 ശ്രീ. എളമരം കരീം
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' സി. കൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുരുമുളകിന്റെ വിലയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലയിടിവിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) കുരുമുളകിന്മേലുള്ള സംസ്ഥാനത്തെ നികുതിഘടന അതിന്റെ വിലയിടിവിന് കാരണമായിട്ടുണ്ടോ; എങ്കിൽ ആവശ്യമായ പരിഷ്കാരം വരുത്താൻ തയ്യാറാകുമോ;

(ഡി) വിലയിടിവ് തുടരുന്ന പക്ഷം സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

മിൽമ പാലിന്റെ ഗുണം വർദ്ധിപ്പിക്കാൻ നടപടി

*277 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, വി. ശിവൻകുട്ടി
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിൽമ വില്ക്കുന്ന പാൽ ശുദ്ധവും പുതുമയുള്ളതുമാണെന്ന് അവകാശപ്പെടാൻ കഴിയില്ല എന്ന തരത്തിലുള്ള നിരീക്ഷണം കേരള ഹൈക്കോടതി നടത്തിയിട്ടുണ്ടോ;

(ബി) ഇത്തരമൊരു പരാമർശം കോടതി നടത്താനിടയായ സാഹചര്യവും ഇതുമായി ബന്ധപ്പെട്ട് കോടതി നടത്തിയിട്ടുള്ള നിരീക്ഷണങ്ങളുടെ വിശദാംശങ്ങളും നൽകാമോ;

(സി) കോടതി നടത്തിയ പരാമർശത്തെതുടർന്ന് മിൽമ പാലിനെ സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുള്ള അവമതിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സാഹചര്യത്തിൽ മിൽമ പാലിന്റെ ഗുണം വർദ്ധിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ഹൈടെക് കൃഷി</u>

*278 ശ്രീ. സി. ദിവാകരൻ
,, മുല്ലക്കര രത്നാകരൻ
,, ജി. എസ്. ജയലാൽ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈടെക് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കൃഷിയിൽ ഏർപ്പെടുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്, ഇതിനായി എത്ര പദ്ധതികൾ ഹോർട്ടികോർപ്പ് മുന്നോട്ട് വച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഹൈടെക് കൃഷിയിലൂടെ ഏതെല്ലാം ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പോളി ഹൗസുകൾ നിർമ്മിക്കുന്നതിന് ഈ രംഗത്ത് പ്രാവീണ്യം നേടിയ എത്ര ഏജൻസികളെ തെരഞ്ഞെടുത്തിട്ടുണ്ട് ; ഒരു ഹൗസ് നിർമ്മിക്കുന്നതിന് എത്ര തുക ചെലവാകും ;

(ഇ) ഈ കൃഷിക്ക് അനുവദിക്കുന്ന വായ്പയുടെ പലിശ നിരക്ക് കൂടുതലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ഗോവർദ്ധിനി പദ്ധതി

*279 ശ്രീ. വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗോവർദ്ധിനി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

വയോജനനയം

*280 ശ്രീ. ബി. ഡി. ദേവസ്സി
,, പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ വയോജനനയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്നറിയിക്കുമോ;

(ബി) സംസ്ഥാനത്ത് വൃദ്ധജനങ്ങൾ നേരിടുന്ന പ്രയാസങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്ത് ഒരു വയോജന കമ്മീഷൻ രൂപീകരിക്കാൻ
തയ്യാറാകുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ക്ഷീരകർഷകർക്ക് പ്രോത്സാഹനം</u>

*281 ശ്രീ. വി. ചെന്താമരാക്ഷൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന കടുത്ത വേനൽ പാൽ ഉല്പാദനത്തെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പാൽ ഉല്പാദനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) പ്രതികൂല സാഹചര്യത്തിൽ പാലുല്പാദനം നടത്തുന്ന ക്ഷീരകർഷകർക്ക് പ്രത്യേക പ്രോത്സാഹനം നൽകാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>പച്ചക്കറി വില</u>

*282 ശ്രീ. രാജു എബ്രഹാം
,, എം. എ. ബേബി
,, കെ. സുരേഷ് കുറുപ്പ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി വിപണന രംഗത്ത് ഹോർട്ടികോർപ്പ് നടത്തുന്ന ഇടപെടലുകളെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പച്ചക്കറിയുടെ വില കുതിച്ചുയരുന്നത് പിടിച്ചു നിർത്തുന്നതിൽ ഹോർട്ടികോർപ്പ് നടത്തിയ നടപടികളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പച്ചക്കറിയുടെ വില വർദ്ധിച്ചുവരുന്നത് തടയാൻ സർക്കാർ തലത്തിൽ നടത്തിയിട്ടുള്ള മറ്റ് ഇടപെടലുകളെ സംബന്ധിച്ച് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>സുഗന്ധവ്യഞ്ജനങ്ങളുടെ വിലത്തകർച്ച</u>

*283 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. കെ. ജയചന്ദ്രൻ
,, ജെയിംസ് മാത്യു
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുഗന്ധവ്യഞ്ജനങ്ങൾക്ക് വിലത്തകർച്ച നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏലം, ജാതി, ഗ്രാമ്പു കർഷകർ നേരിടുന്ന ഉല്പന്നവിലത്തകർച്ചയിൽ നിന്നും അവരെ രക്ഷിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) അന്യസംസ്ഥാന വിപണികളിൽ ഇരട്ടിയിലധികം ഉപഭോക്തൃ വിലയുള്ള ഈ ഉല്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് പിന്നിൽ ഇടനിലക്കാരുടെ ഇടപെടൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സ്പൈസസ് ബോർഡിന്റെ സഹായം ഇക്കാര്യത്തിൽ കർഷകർക്ക് ഏത് രീതിയിൽ ലഭ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>മഹാത്മാ ഗാന്ധി പ്രവാസി സുരക്ഷാ പദ്ധതി</u>

*284 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബല്‍റാം
,, പി. എ. മാധവന്‍
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മഹാത്മാഗാന്ധി പ്രവാസി സുരക്ഷാപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) വിദേശത്ത് നിന്നും മടങ്ങിയെത്തുന്ന പ്രവാസികളുടെ ഭാവി ജീവിതം സുരക്ഷിതമാക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം രാജ്യങ്ങളില്‍ തൊഴില്‍ ചെയ്യുന്ന പ്രവാസികള്‍ക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രസ്തുത കേന്ദ്ര പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>നമുക്കും ഒരു പച്ചക്കറിത്തോട്ടം</u>

*285 ശ്രീ. അന്‍വര്‍ സാദത്ത്
,, വി. പി. സജീന്ദ്രന്‍
,, എ. റ്റി. ജോര്‍ജ്
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'നമുക്കും ഒരു പച്ചക്കറിത്തോട്ടം' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കാന്‍ ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) ഏതെല്ലാം ഏജന്‍സികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കാര്‍ഷിക കര്‍മ്മസേന</u>

*286 ശ്രീ. റ്റി. എന്‍. പ്രതാപന്‍
,, ആര്‍. സെല്‍വരാജ്
,, പി.സി. വിഷ്ണുനാഥ്
,, ഐ.സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കാര്‍ഷിക കര്‍മ്മസേന രൂപീകരിക്കാന്‍ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(സി) എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പാക്കാന്‍ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജന്‍സികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ചൈൽഡ്ലൈൻ പദ്ധതി</u>

*287 ശ്രീ. സി. മമ്മൂട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. ബി. അബ്ദുൾ റസാക്
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചൈൽഡ് ലൈൻ പദ്ധതിയുടെ പ്രവർത്തനരീതി സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) ചൈൽഡ് ലൈൻ പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾക്കും രക്ഷകർത്താക്കൾക്കും വേണ്ടി നടത്തുന്ന ബോധവത്കരണ നടപടികളുടെ വിശദവിവരം നൽകുമോ;

(സി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സ്കൂൾ പരിസരങ്ങളുടെ നിരീക്ഷണം, ഗ്രാമീണ വീട്ടമ്മമാർക്കും, സാമൂഹ്യ പ്രവർത്തകർക്കുമുള്ള പരിശീലനം തുടങ്ങിയ പരിപാടികൾ കൂടി ഉൾപ്പെടുത്തി ചൈൽഡ്ലൈൻ പദ്ധതിയുടെ പ്രവർത്തനം വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ വികസന ഫണ്ട് പിൻവലിക്കാൻ നടപടി

*288 ശ്രീ. ആർ. രാജേഷ്
,, എ. കെ. ബാലൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാലാം ധനകാര്യകമ്മീഷന്റെ ശുപാർശപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ വികസന ഫണ്ട് പിൻവലിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തായിരുന്നുവെന്നറിയിക്കുമോ;

(ബി) പദ്ധതി നിർവ്വഹണത്തിന്റെ അവസാനഘട്ടത്തിൽ ഇത്തരത്തിൽ ഫണ്ട് പിൻവലിച്ചത് പദ്ധതി നിർവ്വഹണത്തെ ഏതുതരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി</u>

*289 ശ്രീ. കെ. ദാസൻ
,, ഇ. പി. ജയരാജൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 2012-2013 സാമ്പത്തിക വർഷം ബഡ്ജറ്റിൽ എന്തു തുകയാണ് നീക്കിവച്ചിരുന്നത് ; ആയതിൽ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ .

(ബി) ഏതെല്ലാം നഗരങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയതെന്ന് വെളിപ്പെടുത്തുമോ .

(സി) പ്രസ്തുത പദ്ധതിപ്രകാരം നഗര പ്രദേശങ്ങളിലെ കുടുംബങ്ങളിൽ പ്രായപൂർത്തിയായവർക്ക് ഒരു വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>2012-13 വര്‍ഷത്തെ പദ്ധതിയില്‍ കാര്‍ഷിക മേഖലയ്ക്കുള്ള വിഹിതം</u>

*290 ശ്രീ. കെ. വി. വിജയദാസ്
,, കോടിയേരി ബാലകൃഷ്ണന്‍
,, റ്റി. വി. രാജേഷ്
,, കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13 വര്‍ഷത്തെ പദ്ധതിയില്‍ കാര്‍ഷിക മേഖലയ്ക്ക് മുന്‍ഗണന നല്‍കി ഉയര്‍ന്ന വിഹിതം വകയിരുത്തിയിരുന്നുവോ;

(ബി) 2012-13-ലെ ബജറ്റില്‍ കാര്‍ഷിക മേഖലയ്ക്കായി രൂപകല്പന ചെയ്ത വിവിധ പദ്ധതികളുടെ അവലോകനം സംബന്ധിച്ച് വിശദീകരിക്കാമോ;

(സി) കാര്‍ഷിക മേഖലയ്ക്ക് പുത്തനുണര്‍വ് നല്‍കുന്നതിനായി പ്രഖ്യാപിച്ച റൈസ് ബയോപാര്‍ക്ക്, കോക്കനട്ട് ബയോപാര്‍ക്ക്, ഗ്രീന്‍ഹൗസ് പദ്ധതി എന്നിവ ഇപ്പോള്‍ ഏത് നിര്‍വ്വഹണഘട്ടത്തിലാണെന്നറിയിക്കാമോ;

(ഡി) ഇത്തരം പദ്ധതികള്‍ സംസ്ഥാനത്തെ ചെറുകിട കര്‍ഷകരുടെ രക്ഷയ്ക്ക് എപ്രകാരമാണ് പ്രയോജനപ്പെടുന്നത്; എങ്കില്‍ ചെറുകിട കര്‍ഷകര്‍ക്ക് അതെങ്ങനെ ഗുണകരമാകുമെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ജന്തുക്ഷേമ ക്ലബ്ബുകൾ</u>

*291 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ജന്തുക്ഷേമ ക്ലബ്ബുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിദ്യാർത്ഥികളിൽ ജന്തുസ്നേഹവും മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ താല്പര്യവും വളർത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ പ്രവർത്തിക്കുന്നത്;

(ഡി) ക്ലബ്ബുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം ധനസഹായമാണ് നൽകുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

വിശപ്പുരഹിത നഗരം പദ്ധതി

*292 ശ്രീ. ലൂഡി ലൂയിസ്
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത നഗരം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നത്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>'ആശ്വാസ കിരണം' പദ്ധതി</u>

*293 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസികമായും ശാരീരികമായും വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് നിലവിൽ എന്തു സംവിധാനമാണുള്ളത്; നിലവിലുള്ള സംവിധാനം ഇതര ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ജന്മനായുള്ള വൈകല്യത്താൽ ശയ്യാവലംബിതരായിട്ടുള്ളവരും രോഗികളുമായവരുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണുള്ളത്;

(സി) ശയ്യാവലംബിതരായി സ്വന്തം വീടുകളിലും മറ്റും ബന്ധുക്കളുടെ പരിചരണത്തിലും കഴിയുന്നവർക്കും പരിചരിക്കുന്നവർക്കും 'ആശ്വാസ കിരണം' പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കാൻ തടസ്സമുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) 2013 - 14 സാമ്പത്തിക വർഷം ഇപ്രകാരം അവശത അനുഭവിക്കുന്നവരുടെ സംരക്ഷണാർത്ഥം എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീ നേരിടുന്ന വെല്ലുവിളികൾ</u>

*294

ശ്രീ. കെ. കെ. ജയചന്ദ്രൻ
,, ബി. സത്യൻ
,, സി. കെ. സദാശിവൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യനിർമ്മാർജ്ജന മേഖലയിൽ കുടുംബശ്രീ സംവിധാനം നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വെല്ലുവിളികളെ അതിജീവിക്കാനും നൂതനമായ പദ്ധതികളുടെ തുടർച്ച ഉറപ്പാക്കാനും സർക്കാരിന്റെ പരിഗണനയിലുള്ള നടപടികൾ വിശദമാക്കുമോ;

(സി) നൂതന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മതിയായ വിദഗ്ധരുടെയും സാങ്കേതിക വിദ്യയുടെയും അഭാവം നിലനില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാനായി എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ കുടുംബശ്രീ സ്ഥാപനങ്ങളെ അവഗണിക്കുന്ന നില തുടരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ഗ്രൂപ്പ് ഫാമിംഗ്</u>

*295 ശ്രീ. എന്‍. ഷംസുദ്ദീന്‍
,, സി. മമ്മൂട്ടി
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെല്‍കൃഷി വികസനത്തിന് പുതിയ പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കില്‍ വിശദമാക്കുമോ ;

(ബി) ഗ്രൂപ്പ് ഫാമിംഗ് രീതി കൂടുതല്‍ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കുന്ന പ്രദേശങ്ങള്‍ക്ക് സമീപത്തെ തരിശു നിലങ്ങളില്‍ കൂടി കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>പച്ചതേങ്ങ സംഭരണം</u>

*296 ശ്രീ. സി. പി. മുഹമ്മദ്
,, വര്‍ക്കല കഹാര്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്

**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പച്ചതേങ്ങ സംഭരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജന്‍സികള്‍ വഴിയാണ് ഇവ സംഭരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എത്ര രൂപ നിരക്കിലാണ് ഇവ സംഭരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പച്ചതേങ്ങ സംഭരിക്കുന്നതിന് ഭരണതലത്തില്‍ എന്തെല്ലാം സംവിധാനങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>സംയോജിത നീര്‍ത്തട പരിപാലന പരിപാടി</u>

*297 ശ്രീ. തോമസ് ഉണ്ണിയാടന്‍
,, മോന്‍സ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളില്‍ സംയോജിത നീര്‍ത്തട പരിപാലന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പരിപാടിയുടെ സംഘടനാ സംവിധാനം എങ്ങനെയാണ് നടപ്പിലാക്കുന്നത്;

(സി) ഗ്രാമപഞ്ചായത്ത് തലത്തിലുള്ള നീര്‍ത്തട കമ്മിറ്റിയുടെ ഓഫീസ്, സ്റ്റാഫ്, മറ്റ് അടിസ്ഥാന സൗകര്യങ്ങള്‍ എന്നിവ എങ്ങനെ ആയിരിക്കണമെന്നാണ് കേന്ദ്ര മാര്‍ഗ്ഗ രേഖയെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്രമാര്‍ഗ്ഗരേഖ അനുസരിച്ചുള്ള സംവിധാനം ആണോ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ആസൂത്രണ ബോർഡിലെ പ്രോജക്ട് ഫിനാൻസിംഗ് സെൽ</u>

*298

ശ്രീ. പി. എ. മാധവൻ
,, എം. പി. വിൻസെന്റ്
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ പ്രോജക്ട് ഫിനാൻസിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പദ്ധതികളുടെ നടത്തിപ്പും നടപടിക്രമങ്ങളും സംബന്ധിച്ചുള്ള വിലയിരുത്തലുകൾക്ക് എന്തെല്ലാം കാര്യങ്ങളാണ് സെല്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഈ സംവിധാനം ജില്ലകളിലേയ്ക്കും താലൂക്ക് തലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

വൻതുക അടങ്കൽ ചെലവുള്ള പദ്ധതികൾ

*299 ശ്രീ. ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൻതുക അടങ്കൽ ചെലവുള്ള പദ്ധതികൾക്ക് ആസൂത്രണ ബോർഡിന്റെ പ്രത്യേക അനുമതി നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എത്ര തുകയ്ക്ക് മുകളിലുള്ള പദ്ധതികൾക്കാണ് പ്രത്യേക അനുമതി നിർബന്ധമാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(സി) ആസൂത്രണ ബോർഡ് ഇത്തരം പദ്ധതികാര്യങ്ങളിൽ എന്തൊക്കെയാണ് പരിശോധിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം സജ്ജീകരണങ്ങളാണ് ആസൂത്രണ ബോർഡിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 03.04.2013–ലെ മറുപടിക്ക്

<u>ജൈവവൈവിധ്യ സംരക്ഷണം</u>

*300 ശ്രീ. പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവവൈവിധ്യ സംരക്ഷണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) രജിസ്റ്റർ തയ്യാറാകാത്ത പഞ്ചായത്തുകളിൽ സമയബന്ധിതമായി അവ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 മാർച്ച് 25.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.[ ചട്ടം 47(1)].